# ക്ലാസ് - 4 (മലയാളം)

**(1) പഠനനേട്ടങ്ങൾ** :വ്യത്യസ്ത കാലഘട്ടങ്ങളിലെ സാഹിത്യകൃതികൾ ആസ്വദിക്കുകയും അവയിലെ ഭാഷ, ജീവിതം എന്നിവ ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : തിരിച്ചറിയൽ, ഓർമിക്കൽ, താരതമ്യം ചെയ്യൽ

**Q** *പെരുങ്കാട്ടിൽ പുക്കിന്ധനമൊടിച്ചുകെട്ടിവച്ചതും*
*അരുണനസ്തമിച്ചതും മറന്നില്ലല്ലീ?*

ഈ വരികളിലെ പ്രാചീനപദങ്ങൾ കണ്ടെത്തി ആ പദങ്ങൾക്കുപകരം ഇന്ന് നാം പ്രയോഗിക്കുന്ന പദങ്ങൾ ഉപയോഗിച്ച് വരികൾ മാറ്റി എഴുതുക. (2)

**സൂചകങ്ങൾ**

- 'പുക്കുക' എന്നതിനു പകരം പ്രവേശിച്ചു എന്നും 'മറന്നില്ലല്ലീ' എന്നതിനു പകരം മറന്നില്ലല്ലോ എന്നും പ്രയോഗിച്ച് മാറ്റി എഴുതിയിട്ടുണ്ട്. (2)
- ഒരു പദം മാത്രം ശരിയായി എഴുതിയിട്ടുണ്ട്. (1)

---

**(2) പഠനനേട്ടങ്ങൾ** :ഗദ്യഭാഷയിലെ കാവ്യാത്മകത തിരിച്ചറിയുന്നു. സ്വന്തം രചനകളിൽ ഔചിത്യ പൂർവം പ്രയോജനപ്പെടുത്തുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : കണ്ടെത്തൽ, യുക്തിപൂർവം സമർത്ഥിക്കൽ

**Q** *'അമ്മമ്മയുടെ കണ്ണീര് തിളങ്ങുന്ന ഒരു*
*സൂചിയായി മാറിയതും എന്റെ കണ്ണിൽ*
*കൊണ്ടതും എനിക്കു കണ്ണീർ പൊടിഞ്ഞതും'*

ഈ വരികളുടെ ശരിയായ ആശയം ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക. (1)

**സൂചന :**

(1) സൂചിക്ക് തിളക്കമുണ്ട്

(2) ലേഖകന്റെ ദുഃഖം അമ്മമ്മ പരിഗണിച്ചില്ല

(3) അമ്മമ്മയുടെ ദുഃഖം ലേഖകനെ വേദനിപ്പിച്ചു.

(4) സൂചി കണ്ണിൽ കൊണ്ടു.

**സൂചകങ്ങൾ**

- 'അമ്മമ്മയുടെ ദുഃഖം ലേഖകനെ വേദനിപ്പിച്ചു. (1)

---

(3) **പഠനനേട്ടങ്ങൾ** :വ്യത്യസ്ത കാലഘട്ടങ്ങളിലെ സാഹിത്യകൃതികൾ ആസ്വദിക്കുകയും അവയിലെ ഭാഷ, ജീവിതം എന്നിവ ഉചിതമായ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : കണ്ടെത്തുന്നു, തിരിച്ചറിയുന്നു, വ്യാഖ്യാനിക്കുന്നു, യുക്തിപൂർവം സമർത്ഥിക്കുന്നു.

**Q** ശ്രീകൃഷ്ണനും കുചേലനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഊഷ്മളത ഉൾക്കൊണ്ട് 'സൗഹൃദത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തെക്കുറിച്ച് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള ഒരു പ്രസംഗം തയാറാക്കുക *(4)*

**സൂചകങ്ങൾ**

- ശ്രീകൃഷ്ണനും കുചേലനും തമ്മിലുള്ള സൗഹൃദബന്ധം പരാമർശിച്ച് വിഷയത്തിൽ ഊന്നി പ്രസംഗത്തിന്റെ രൂപത്തിൽ അനുയോജ്യമായ ഭാഷയിൽ (കേൾവിക്കാരൻ മുൻപിലുണ്ട് എന്ന ഭാവത്തിൽ പാരസ്പര്യത്തിൽ അധിഷ്ഠിതമായി) തയാറാക്കിയിട്ടുണ്ട്. (4)
- ശ്രീകൃഷ്ണനും കുചേലനും തമ്മിലുള്ള സൗഹൃദബന്ധം പരാമർശിച്ച് പ്രസംഗ രൂപത്തിൽ അനുയോജ്യമായ ഭാഷയിൽ തയാറാക്കിയിട്ടുണ്ട്. (3)
- ശ്രീകൃഷ്ണനും കുചേലനും തമ്മിലുള്ള സൗഹൃദം മാത്രം പരാമർശിച്ചിട്ടുണ്ട്. (2)
- സൗഹൃദത്തിന്റെ പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് മാത്രം പരാമർശിച്ചിട്ടുണ്ട്.(1)

---

(4) **പഠനനേട്ടങ്ങൾ** : പ്രകൃതി പ്രതിഭാസങ്ങൾ കലാസാഹിത്യ സൃഷ്ടികളിൽ ആവിഷ്കരിച്ചിരിക്കുന്നതിലെ വൈവിധ്യവും സവിശേഷതയും കണ്ടെത്തി പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : കണ്ടെത്തൽ, യുക്തിപൂർവം തിരഞ്ഞെടുക്കൽ, സമർത്ഥിക്കൽ

**ഈ ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** (4)

**Q** നടുമുറ്റത്തൊരു മുല്ലത്തറയില്ലാത്ത വീടുണ്ടായിരുന്നില്ല. മുറ്റത്തൊരറ്റത്ത് തുളസിത്തടം, കുളക്കരയിൽ പുഞ്ചിരിച്ചുനിൽക്കുന്ന വെള്ളിയിലച്ചെടി, തൊടിനിറയെ മുക്കുറ്റി, മുക്കിലും മൂലയിലും തഴച്ചു നിൽക്കുന്ന മന്ദാരം, ചെമ്പരത്തി, കോളാമ്പി, വഴിവക്കത്തു കറുക നാമ്പ്, തുമ്പക്കുടം, വേലിക്കിടയിലൂടെ നിശ്ശബ്ദമായി പാളിനോക്കുന്ന ശംഖുപുഷ്പം, കുന്നിൻനിറുകയിൽ കൂത്താടുന്ന കാട്ടുപൂക്കൾ... ഇങ്ങനെ ശബളാഭമായ ഒരു പൂപ്പാലികയാണ് കേരളം.

**ചോദ്യങ്ങൾ**

1 വേലിക്കിടയിലൂടെ നിശബ്ദമായി പാളി നോക്കുന്നതാര്? (1)

2 വെള്ളിയിലച്ചെടി പുഞ്ചിരിച്ചു നിൽക്കുന്നു എന്ന പറയാൻ കാരണമെന്ത്? (1)

3 കേരളം ഒരു പൂപ്പാലികയാണെന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത്? (2)

**സൂചകങ്ങൾ**

- പൂപ്പാലിക വിശദീകരിച്ചിട്ടുണ്ട്. (2)
- ശംഖുപുഷ്പം എന്നു മാത്രം എഴുതിയിട്ടുണ്ട്. (1)
- പച്ചപടർപ്പിനിടയിൽ പൂവിനുള്ള സ്വാഭാവികമായ വെൺമ കാണുന്നുണ്ട് (1)

---

**(5) പഠനനേട്ടങ്ങൾ** :പ്രകൃതി പ്രതിഭാസങ്ങൾ കലാസാഹിത്യ സൃഷ്ടികളിൽ ആവിഷ്കരിച്ചിരിക്കുന്നതിലെ വൈവിധ്യവും സവിശേഷതയും കണ്ടെത്തി പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, വിശദീകരിക്കൽ,

**Q** *വില്യം ബ്ലേക്കിന് മേഘം ദൈവത്തിന്റെ തേരായിരുന്നു.*

*- കെ.പി.അപ്പൻ*

*ഒരു കുടം തണ്ണീരുമൊക്കത്തുവെച്ചൊരു-*
*കരി മുകിൽപ്പെൺകൊടിയെങ്ങുപോയി*

*- പി.ഭാസ്കരൻ*

മേഘങ്ങളെക്കുറിച്ച് മുകളിൽക്കൊടുത്തിരിക്കുന്ന പരാമർശങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക. (4)

**സൂചകങ്ങൾ**

- രണ്ട് ഉദ്ധരണികളിലേയും ആശയം ഗ്രഹിച്ച് അവയെ താരതമ്യപ്പെടുത്തി സ്വാഭിപ്രായം രൂപീകരിച്ച് കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (4)
- രണ്ട് ഉദ്ധരണികളിലേയും ആശയം ഗ്രഹിച്ച് അവ താരതമ്യപ്പെടുത്തി എഴുതിയിട്ടുണ്ട്. (3)
- രണ്ട് ഉദ്ധരണികളിലേയും ആശയങ്ങൾ മാത്രം എഴുതിയിട്ടുണ്ട് (2)
- സ്വാഭിപ്രായം മാത്രം എഴുതിയിട്ടുണ്ട്. (1)

---

**(6) പഠനനേട്ടങ്ങൾ** :അക്ഷരങ്ങൾ ചേരുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ സാമാന്യവത്കരിച്ച് പദങ്ങളുടെ സന്ധി നിർണയിക്കുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : കണ്ടെത്തൽ, തിരിച്ചറിയിൽ, പ്രയോഗിക്കൽ

**Q** **പട്ടിക പൂർത്തിയാക്കുക** (2)

| **പദങ്ങൾ** | **സമസ്തപദങ്ങൾ** | **വർണങ്ങളുടെ മാറ്റം** |
|---|---|---|
| കാക്ക + കൂട് | കാക്കക്കൂട് | ക കാരം ഇരട്ടിച്ചു |
| വിൺ + തലം | വിണ്ടലം | ............................ |
| പന + ഓല | പനയോല | ............................ |

**സൂചകങ്ങൾ**

- വിട്ടുപോയവ എല്ലാം ശരിയായി പൂരിപ്പിച്ചിട്ടുണ്ട് (2)
- ഒരെണ്ണം മാത്രം പൂരിപ്പിച്ചിട്ടുണ്ട് (1)

---

**(7) പഠനനേട്ടങ്ങൾ** :മഹാന്മാരുടെ ജീവിതം പ്രമേയമായ സാഹിത്യ രചനകൾ വായിക്കുകയും അവയിലെ ആശയങ്ങൾ ഉപയോഗപ്പെടുത്തി വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 3)

**ചിന്താശേഷികൾ** : കണ്ടെത്തൽ, ആവിഷ്കരിക്കൽ, യുക്തിപൂർവം സമർത്ഥിക്കൽ

**Q** *"ഓതുമാറുണ്ടദ്ദേഹ" "മഹിംസാമണിച്ചട്ട-*
*യേതുടവാളിൻ കൊടുവായ്ത്തല മടക്കാത്തു"*
ഈ ഗാന്ധി വാക്യത്തിന്റെ ആശയം ഉൾക്കൊണ്ട് യുദ്ധവിപത്തിനെതിരെ ഒരു എഡിറ്റോറിയൽ തയാറാക്കുക (4)

**സൂചകങ്ങൾ**

- അഹിംസ എന്ന ആശയത്തിന്റെ സമകാലിക പ്രസക്തിയും യുദ്ധഭീകരതയും ഉൾക്കൊണ്ടു അനുയോജ്യമായ ഭാഷയിൽ എഡിറ്റോറിയൻ തയാറാക്കിയിട്ടുണ്ട്. (4)
- അഹിംസ എന്ന ആശയത്തിന്റെ സമകാലിക പ്രസക്തിയും യുദ്ധഭീകരതയും ഉൾക്കൊണ്ടു എഡിറ്റോറിയൽ തയാറാക്കിയിട്ടുണ്ട്. (3)
- അഹിംസ എന്ന ആശയം മാത്രം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- യുദ്ധവിപത്തിനെതിരെയുള്ള ആശയം മാത്രം എഴുതിയിട്ടുണ്ട്. (1)

---

(8) **പഠനനേട്ടങ്ങൾ** :പുരാണേതിഹാസങ്ങളിൽ നിന്നും ഐതിഹ്യങ്ങളിൽ നിന്നും ഇതിവൃത്തം സ്വീകരിച്ച രചനകൾ പരിചയപ്പെടുകയും അവയിലെ കഥാപാത്ര സൃഷ്ടിവിലയിരുത്തി അവതരിപ്പിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 3)

**ചിന്താശേഷികൾ** : വിശദീകരിക്കൽ, വ്യാഖ്യാനിക്കൽ, യുക്തിപൂർവം സമർത്ഥിക്കൽ

**Q**

*കഥാപാത്രനിരൂപണം തയാറാക്കുക*

'ഇല്ലത്തെ ഒതുക്കമുള്ള ഇടനാഴികളിൽനിന്ന് അധികം പുറത്തു കടക്കാത്ത സ്ത്രീ. അവർ അമ്മയാണ്; അമ്മമാരുടെ പരമ്പരയിലെ ഒരു കണ്ണിയാണ്. തന്നിൽനിന്നു പിറന്ന മകൻ തന്റേതു മാത്രമല്ലെന്ന തിരിച്ചറിവ് ആ അമ്മയെ ദേവിയാക്കുന്നു.'

പാഠസന്ദർഭം പരിഗണിച്ച് അമ്മ എന്ന
കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക. (5)

**സൂചകങ്ങൾ**

- കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥയിലെ സ്ഥാനം നിർണയിച്ച് സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി ഉചിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട്. (5)
- കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥയിലെ സ്ഥാനം നിർണയിച്ച് ഉചിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട് (4)
- കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കഥയിലെ സ്ഥാനം എന്നിവ നിർണയിച്ച് എഴുതിയിട്ടുണ്ട്. (3)
- കഥാപാത്രത്തിന്റെ സവിശേഷത മാത്രം എഴുതിയിട്ടുണ്ട്. (2)
- കഥയിലെ സ്ഥാനവും ചില സവിശേഷകളും മാത്രം എഴുതിയിട്ടുണ്ട്. (1)

---

(9) **പഠനനേട്ടങ്ങൾ** :നോവലുകളിലെ പ്രമേയം, ഭാഷ, ആഖ്യാനരീതി, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവയെക്കുറിച്ച് ധാരണ രൂപപ്പെടുത്തുകയും ലഘു നിരൂപണങ്ങൾ തയാറാക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി (യൂണിറ്റ് 3)

**ചിന്താശേഷികൾ** : കണ്ടെത്തൽ, ആവിഷ്കരിക്കൽ, പ്രകടമാക്കൽ, യുക്തിപൂർവം സമർത്ഥിക്കൽ

**Q** 'അന്യജീവനുതകി സ്വജീവിതം' എന്ന യൂണിറ്റ് ശീർഷകം വേദം എന്ന കവിതയ്ക്കു എത്രത്തോളം അനുയോജ്യമാണെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (4)

**സൂചകങ്ങൾ**

- 'അന്യജീവനുതകി സ്വജീവിതം' എന്ന തലക്കെട്ടിന്റെ ആശയം ഉൾക്കൊണ്ട് വേദം എന്ന കവിതയിലെ അമ്മയുടെ ജീവിതം മറ്റുള്ളവർക്ക് ഉപകരിക്കുന്നതെങ്ങനെയെന്ന് തിരിച്ചറിഞ്ഞ് ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (4)
- 'അന്യജീവനുതകി സ്വജീവിതം' എന്ന തലക്കെട്ടിന്റെ ആശയം ഉൾക്കൊണ്ട് മറ്റുള്ളവർക്ക് സ്വജീവിതം ഉപകരിക്കുന്നതെങ്ങനെയെന്ന് ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (3)

- ‘അന്യജീവനുതകി സ്വജീവിതം’ എന്ന ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- വേദത്തിലെ അമ്മയെക്കുറിച്ചു മാത്രം എഴുതിയിട്ടുണ്ട്. (1)

---

**(10) പഠനനേട്ടം** : വ്യത്യസ്ത കാലഘട്ടങ്ങളിലെ സാഹിത്യകൃതികൾ ആസ്വദിക്കുകയും അവയിലെ ഭാഷ, ജീവിതം എന്നിവ ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : കേരള പാഠാവലി - ആസ്വാദനം

**ചിന്താശേഷികൾ** : കണ്ടെത്തൽ, ആവിഷ്കരിക്കൽ, വിശദമാക്കൽ

Q **ആസ്വാദനം തയാറാക്കുക**

*എന്റെ കരച്ചിൽ*

എനിക്ക് അച്ഛനുമമ്മയുമില്ല.
ഞാൻ കളിച്ചു നടക്കുന്ന ഒരു കൊച്ചുകുട്ടിയായിരിക്കുമ്പോഴാണ് എന്റെ അമ്മ മരിച്ചത്. അന്ന് ഞാൻ കരഞ്ഞില്ല. കാരണം. മരണം എന്താണെന്ന് അന്നെനിക്കറിയില്ലായിരുന്നു.
വർഷങ്ങൾ ഏറെ കഴിഞ്ഞു.
എന്റെ അച്ഛനും മരിച്ചു
എന്നിട്ടും ഞാൻ കരഞ്ഞില്ല
കാരണം മരണം എന്താണെന്ന് അപ്പോഴേയ്ക്കും എനിക്കറിയാമായിരുന്നു.

*പുനത്തിൽ കുഞ്ഞബ്ദുള്ള*

ആശയഭംഗി, ധ്വനി, ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക (4)

**സൂചകങ്ങൾ**

- കഥയുടെ സാമാന്യാശയവും ധ്വനികളും കണ്ടെത്തി സ്വാഭിപ്രായം രൂപീകരിച്ച് ഉചിതമായ ഭാഷയിലും രൂപത്തിലും ആസ്വാദനം തയാറാക്കിയിട്ടുണ്ട്. (4)
- കഥയുടെ സാമാന്യാശയവും ധ്വനികളും കണ്ടെത്തി ഉചിതമായ ഭാഷയിലും രൂപത്തിലും ആസ്വാദനം തയാറാക്കിയിട്ടുണ്ട്. (3)
- കഥയുടെ സാമാന്യാശയവും ധ്വനികളും കണ്ടെത്തി സമകാലിക പ്രാധാന്യം മനസ്സിലാക്കി ആസ്വാദനം തയാറാക്കിയിട്ടുണ്ട്. (2)
- കഥയുടെ സാമാന്യാശയം മാത്രം മനസ്സിലാക്കി അവതരിപ്പിച്ചിട്ടുണ്ട്. (1)